


# (അക്കാദമിക് മാസ്റ്റർ പ്ലാൻ)

## എ.എം.എൽ.പി.സ്കൂൾ
## ചാലിൽക്കുണ്ട്
## ഒ.കെ. മുറി (PO) മലപ്പുറം (Dt)

Scanned with CamScanner

# ആമുഖം

നവ കേരള മിഷന്റെ ഭാഗമായുള്ള 'പൊതു വിദ്യഭ്യാസ സംരക്ഷണ യജ്ഞം' കേരള ജനത വളരെ ആവേശത്തോടെ സ്വീകരിച്ചിരിക്കുകയാണ്. ഇന്ത്യയിൽ ഏറ്റവും ശാസ്ത്രീയമായ വിദ്യഭ്യാസം നടക്കുന്നത് കേരളത്തിലെ പൊതു വിദ്യാലയങ്ങളിലാണ്. 'ജനകീയ വിദ്യഭ്യാസം' അതായത് ജനങ്ങൾ നയിക്കുന്ന വിദ്യാഭ്യാസമാണിവിടെ പ്രവർത്തികമാകുന്നത്. അതിനാൽ തന്നെ മുഴുവൻ ജനങ്ങളും ഇതിൽ പങ്കാളികളാവേണ്ടതുണ്ട്. കേരള സമൂഹത്തിലെ ഓരോ വ്യക്തിയും തങ്ങളുടെ ജീവിതത്തെ കരുപ്പിടുപ്പിച്ച പൊതു വിദ്യാലയങ്ങളെ ശക്തിപ്പെടുത്തുന്നതിനുള്ള പ്രവർത്തനങ്ങൾ ഏറ്റെടുത്തതിന്റെ തെളിവുകൾ നമ്മൾ കണ്ടതാണ്. സമൂഹം പ്രതീക്ഷിക്കുന്നത് നൽകാൻ പൊതു വിദ്യാലയങ്ങൾക്ക് സാധിക്കണം. പരീക്ഷയിലെ A+ലൂടെ ജീവിതത്തിൽ A+ നേടാൻ നമ്മുടെ കുട്ടികൾ പ്രാപ്തരാകണം. അതിനുള്ള ജീവിതാനുഭവങ്ങൾ സ്കൂളിൽ ഒരുക്കാനാണ് നാം ശ്രമിക്കുന്നത്. പൊതു വിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കലും ക്ലാസ് മുറികൾ ഹൈടെക് ആക്കുന്നതുമായ പ്രവർത്തനങ്ങൾ നടന്ന് വരുന്നു. ഇതിന്റെ മൂന്നാം ഘട്ടമായി 'വിഷൻ 100' എന്ന ലക്ഷ്യത്തോടെ 'അക്കാദമിക മാസ്റ്റർ പ്ലാൻ' തയ്യാറാക്കിയിരിക്കുന്നു. സമൂഹ പങ്കാളിത്തത്തോടെ നമ്മുടെ വിദ്യാലയത്തെ മികവിന്റെ കേന്ദ്രമാക്കി മാറ്റുക എന്നതാണ് നമ്മുടെ ലക്ഷ്യം. വിദ്യാലയത്തിന്റെ മികവ് എന്നാൽ അക്കാദമിക മികവാണ്. അതിലേക്കുള്ള ചവിട്ടു പടികളാണ് 'അക്കാദമിക മാസ്റ്റർ പ്ലാൻ'. കുട്ടിയുടെ മനസിലേക്ക് അറിവിന്റെ പ്രവാഹമൊരുക്കിക്കൊണ്ട് വിദ്യാലത്തെ മികച്ച നിലവാരത്തിലുള്ള ഒന്നായി മാറ്റാൻ ഇതിന് സാധിക്കൂ. 'ഗുണമേന്മയുള്ള വിദ്യഭ്യാസം കുട്ടികളുടെ അവകാശം' എന്ന ലക്ഷ്യം കൈവരിക്കുന്നതിനായി വൈവിധ്യമാർന്ന പ്രവർത്തനങ്ങൾ ഉൾക്കൊള്ളിച്ചാണ് ഇത് തയാറാക്കിയിരിക്കുന്നത്.



Scanned with CamScanner

# സ്കൂൾ ചരിത്രം

1924ൽ ഓത്തുപള്ളിക്കൂടം എന്ന നിലയിലാണ് ഈ സ്ഥാപനം ആരംഭിച്ചത്. വേരേങ്ങൽ അലവി മുസ്ലിയാർ ആയിരുന്നു. ആദ്യത്തെ മാനേജർ, അദ്ദേഹത്തിന്റെ വീടിനോട് ചേർന്ന് തന്നെയായിരുന്നു. ഒത്ത് പള്ളിക്കൂടം പ്രവർത്തിച്ചിരുന്നത്. ചാലിൽ കുണ്ടെന്ന ഗ്രാമപ്രദേശത്തിന്റെ ഏക ആശ്രയമായിരുന്നു ഈ സ്ഥാപനം. ആദ്യകാല പ്രധാന അധ്യാപകൻ കിഴക്കില്ലത്ത് കരുണാകരൻ മാസ്റ്റർ ആയിരുന്നു. പിന്നീട് ചേരാത്ത് ഗോപാലൻ മാസ്റ്റർ, അബ്ദുള്ള മാസ്റ്റർ, ലൈസമ്മ തോമസ്, ലീലാമ്മ ഡാനിയേൽ എന്നിവർ ആ സ്ഥാനം വഹിച്ചു. ഇപ്പോൾ ആൽ പറമ്പിൽ മുഹമ്മദ് കുട്ടി ഹാജിയുടെ മകൻ മുഹമ്മദ് ശരീഫ് ആൽ പറമ്പിലാണ് മാനേജർ. രണ്ട് കെട്ടിടങ്ങളായി പ്രവർത്തിക്കുന്ന ഈ സ്കൂളിൽ പ്രാഥമികാവശ്യങ്ങൾക്കുള്ള എല്ലാ വിധ സൗകര്യങ്ങളും ചുറ്റുമതിലും ഉണ്ട്. അഞ്ച് അധ്യാപകർ ഉള്ള ഇവിടെ 84 കുട്ടികൾ വിദ്യ അഭ്യസിക്കുന്നു. അതോടൊപ്പം 22 കുട്ടികളും ഒരു ടീച്ചറും ഉൾപ്പെടുന്ന നഴ്സറി ക്ലാസ് കൂടെ ഇവിടെ പ്രവർത്തിക്കുന്നുണ്ട്. സ്ഥാപനം നേരിടുന്ന ഏറ്റവും വലിയ പ്രശ്നം എന്നത് സ്ഥല പരിമിതിയാണ്



Scanned with CamScanner

# അടിസ്ഥാന വിവരങ്ങൾ

| | |
|---|---|
| വിദ്യാലത്തിന്റെ പേര് | എ.എം.എൽ.പി.സ്കൂൾ ചാലിൽ കുണ്ട് |
| വിലാസം | ഒ.കെ. മുറി(പിഒ) മലപ്പുറം 676519 |
| ഫോൺ | 9846582172 |
| സ്കൂൾ കോഡ് | 19803 |
| വിദ്യഭ്യാസ ഉപജില്ല | വേങ്ങര |
| വിദ്യഭ്യാസ ജില്ല | തിരൂരങ്ങാടി |
| റവന്യ ജില്ല | മലപ്പുറം |
| ബി.ആർ.സി. | വേങ്ങര |
| സി.ആർ.സി. | ജി.എൽ.പി.എസ്. ഒ.കെ. മുറി |
| ഗ്രാമ പഞ്ചായത്ത് | ഊരകം |
| ബ്ലോക്ക് പഞ്ചായത്ത് | വേങ്ങര |
| ജില്ലാ പഞ്ചായത്ത് | മലപ്പുറം |
| നിയമസഭാമണ്ഡലം | വേങ്ങര |
| ലോകസഭാമണ്ഡലം | മലപ്പുറം |
| താലൂക്ക് | തിരൂരങ്ങാടി |
| വില്ലേജ് | ഊരകം. കീഴ് മുറി |
| ഇ–മെയിൽ | amlpschalilkundu@gmail.com |



Scanned with CamScanner

# നിലവിലുള്ള അവസ്ഥ

## മലയാളം

- എല്ലാ ക്ലാസ്സിലും നിശ്ചിത ശതമാനം കുട്ടികൾക്ക് അക്ഷരത്തെറ്റില്ലാതെ എഴുതാൻ കഴിയുന്നില്ല.
- എല്ലാ ക്ലാസ്സിലെയും കുട്ടികൾ വായിക്കുമെങ്കിൽ ആശയഗ്രഹണത്തോടെ വായിക്കുന്ന കുട്ടികൾ കുറവാണ്.
- ഒന്നാം ടേം മൂല്യനിർണയത്തിന് ശേഷം നടത്തിയ പരിഹാര പ്രവർത്തനങ്ങൾ (മലയാളത്തിളക്കം) കുട്ടികളുടെ പിന്നോക്കാവസ്ഥ പരിഹരിക്കുന്നതിന് സഹായകമായിട്ടുണ്ട്.
- പ്രത്യേകമായി നടത്തുന്ന പരിഹാര പ്രവർത്തനങ്ങളിൽ മികവ് പുലർത്തുന്നവർ ക്ലാസ്സ് റൂം പ്രവർത്തനങ്ങളിൽ തെറ്റു വരുത്തുന്നു.
- സ്വതന്ത്ര വായനയിലേക്ക് കുട്ടികൾ എത്തുന്നില്ല അധ്യാപകർ നൽകുന്ന പുസ്തകങ്ങൾ മാത്രം വായിക്കുന്ന ശീലമാണുള്ളത്.
- തെറ്റുകൂടാതെ എഴുതുന്ന കുട്ടികളുടെ ലേഖന പ്രവർത്തനങ്ങളിൽ പോലും എഴുത്ത് നിയമങ്ങൾ പാലിക്കപ്പെടുന്നില്ല.
- പ്രൈമറി തല പൂർത്തിയാക്കുമ്പോൾ എല്ലാവരും മലയാളം തെറ്റില്ലാതെ വായിക്കാൻ കഴിയും.

## ഇംഗ്ലീഷ്

- എല്ലാ കുട്ടികൾക്കും അക്ഷരങ്ങളും ശബ്ദങ്ങളും തിരിച്ചറിഞ്ഞ് വായിക്കാനാകുന്നില്ല.
- വാക്കുകളുടെ സ്പെല്ലിംഗ് തിരിച്ചറിഞ്ഞ് തെറ്റുകൂടാതെ എഴുതുന്നതിന് ഭൂരിഭാഗം പേർക്കും കഴിയുന്നില്ല.
- ചെറിയ വ്യവഹാര രൂപങ്ങൾ തെറ്റുകൂടാതെ എഴുതാൻ കഴിയുന്നില്ല.
- ഇംഗ്ലീഷ് സർഗ്ഗവേളയുടെ ഭാഗമായി കുട്ടികൾ എല്ലാവരും ഇംഗ്ലീഷിൽ കലാപരിപാടികൾ അവതരിപ്പിച്ചു.

## ഗണിതം

- മൂന്നക്ക സംഖ്യകളും നാലക്ക സംഖ്യകളും സ്ഥാനവില തിരിച്ചറിഞ്ഞ് എഴുതാൻ കഴിയാത്ത കുട്ടികളുണ്ട്.
- പുനക്രമീകരണം വരുന്ന വ്യവകലന ക്രിയകൾ കുട്ടികൾ തെറ്റിക്കുന്നു. സന്ദർഭത്തിനനുസരിച്ച് സംഖ്യകളെ പുനക്രമീകരിക്കാനുള്ള യുക്തി ബോധ്യപ്പെടുന്നില്ല.
- ഒന്നിൽ കൂടുതൽ സ്ഥാനങ്ങൾ ഉൾപ്പെടുന്ന ഗുണക്രിയകളിൽ പ്രയാസം നേരിടുന്നു
- സമയം, ദൂരം, ഭാരം, ഉള്ളളവ് തുടങ്ങിയ മെട്രിക് അളവുകളിൽ ആശയ രൂപീകരണം അർത്ഥ പൂർണ്ണമായി നടക്കുന്നില്ല.
- ദീർഘഹരണ രീതിയിൽ കുട്ടികൾക്ക് പ്രയാസം നേരിടുന്നു.
- ചതുഷ്ക്രിയകൾ, പ്രയോഗിക പ്രശ്നങ്ങൾ, മെട്രിക് അളവുകൾ എന്നിവ ചെയ്യുന്ന കുട്ടികളുമുണ്ട്.
- മനഃ കണക്കുകൾ ചെയ്യുന്ന കുട്ടികളുണ്ട്
- ഗണിതകളികൾ, ഗണിത കിറ്റ് എന്നിവ ഉപയോഗിച്ച് ചെയ്യുന്ന പ്രവർത്തനങ്ങൾ കുട്ടികളിൽ താല്പര്യം വളർത്തുന്നു.



Scanned with CamScanner

## ശാസ്ത്രം

- ലഘു പരീക്ഷണങ്ങളെ വേണ്ട അളവിൽ പ്രയോജനപ്പെടുത്താനാകുന്നില്ല.
- ഫീൽഡ് ട്രിപ്പ് സാധ്യതകൾ പ്രയോജനപ്പെടുത്തനാകുന്നില്ല.
- സ്വന്തമായി ലഘുപരീക്ഷണങ്ങളിൽ ഏർപ്പെടുന്ന കുട്ടികളുണ്ട്.
- നിരീക്ഷിച്ചും വർഗ്ഗീകരിച്ചും അപഗ്രഥിച്ചും കണ്ടെത്തുന്ന കുട്ടികളുണ്ട്.
- കല-കായികം
- കലാ മേളയിലും കായിക മേളയിലും പങ്കെടുപ്പിക്കാറുണ്ട്. എന്നാൽ മുൻനിരയിൽ എത്താൻ കഴിയാറില.
- കായിക പരിശീലനത്തിന് പ്രധാന ഒരു പ്രശ്നമാണ് സ്ഥല പരിമിധി.
- മേളകളിൽ പങ്കെടുപ്പിക്കാൻ താല്പര്യക്കുറവുള്ള രക്ഷിതാക്കളുണ്ട്.



Scanned with CamScanner

# പൊതു ലക്ഷ്യങ്ങൾ

- സ്കൂളിൽ എത്തിച്ചേരുന്ന എല്ലാ കുട്ടികൾക്കും അതാത് ക്ലാസ്സിൽ നേടേണ്ട പഠനശേഷികൾ കൈവരിച്ചുവെന്ന് ഉറപ്പുവരുത്തും
- എല്ലാ കുട്ടികൾക്കും മലയാളം, ഇംഗ്ലീഷ്, അറബി എന്നീ ഭാഷകൾ സംസാരിക്കാനും, വായിക്കാനും എഴുതാനുമുള്ള കഴിവ് ഉറപ്പ് വരുത്തും.
- കുട്ടികളിൽ വായനാ ശീല വർദ്ധിപ്പിക്കാനയി ലൈബ്രറി ശാക്തീകരണ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യും.
- കുട്ടികളുടെ സർഗ്ഗപരവും അക്കാദമികവും കായികവുമായ കഴിവ് പരമാവധി പ്രോത്സാഹിപ്പിച്ച് സംസ്ഥാന തലത്തിൽ ശ്രദ്ധേയമായ നേട്ടങ്ങൾ കൈവരിക്കാൻ പ്രാപ്തരാക്കും.
- കുട്ടികളിൽ ശാസ്ത്രീയ അവബോധം വളർത്തുന്നതിലേക്കായി ശാസ്ത്രമൂല, ശാസ്ത്ര ക്ലബ് എന്നിവ സജ്ജമാക്കും.
- ക്ലബ് പ്രവർത്തനങ്ങൾ, ദിനാചാരണങ്ങൾ, ദേശീയ ആഘോഷങ്ങൾ എന്നിവയുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കും.



Scanned with CamScanner

മേഖല - അക്കാദമിക്

ഉപമേഖല - മലയാളം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പ[illegible] വിശക[illegible] |
|---|---|---|---|---|
| * എഴുത്തും വായനയിലുമുള്ള പിന്നോക്കാവസ്ഥ പരിഹരിക്കുക | വായനാകാർഡ് :- കുട്ടികൾ നേടേണ്ട അക്ഷരങ്ങളും ചിഹ്നങ്ങളും എഴുതിയ കാർഡ് അത് ഉപയോഗിച്ച് വരുന്ന വാ- | അവശ്യാനുസരണം | ക്ലാസ് ടീച്ചറും, തിരഞ്ഞെടുത്ത രക്ഷിതാക്കളും | |
| * കൂടുതൽ അറിയുവാനും ചിന്തിക്കുവാനുമുള്ള കഴിവ് കുട്ടികളിൽ വളർത്തുക | മലയാളത്തിളക്കം :- പിന്നോക്കം നിൽക്കുന്ന കുട്ടികളെ കണ്ടെത്തി അവർക്ക് പ്രത്യേകം നൽകുന്ന ക്ലാസ് | [illegible]കാലം | ക്ലാസ് ടീച്ചർ [illegible] | |
| * വായനയിലൂടെ കുട്ടികളുടെ പഠന നിലവാരം മെച്ചപ്പെടുത്തുക. | ക്ലാസ് ലൈബ്രറി :- ബാല മാസികകൾ, പുസ്തകങ്ങൾ എന്നിവയുടെ സ്വതന്ത്ര വായനക്കുസഹായകരമാകുന്ന തരത്തിലുള്ള ക്ലാസ് ലൈബ്രറിരൂപീകരിക്കൽ | 2 മാസം | ക്ലാസ്ടീച്ചർ | |
| | കൂട്ടുവായന ക | അവശ്യാനുസരണം | " | |
| | അക്ഷര കാർഡ് :- വാക്കുകൾ എഴുതിയ കാർഡ്, അക്ഷര കാർഡിലൂടെ വാക്കുകൾ രൂപീകരിക്കൽ, വാക്കുകളിലൂടെ വാക്യങ്ങൾ രൂപീകരിക്കൽ | അവശ്യാനുസരണം | " | |
| | കഥ - ബാക്കി പറയൽ, എഴുതൽ :- ഒരു കഥയുടെ കുറച്ച് ഭാഗം നൽകുന്നു. ബാക്കി പറയിപ്പിക്കുന്നു എഴുതുന്നു. കഥാപുസ്തകം നൽകൽ :- വായനാക്കുറിപ്പ് തയ്യാറാക്കൽ. | അവശ്യാനുസരണം | " | |
| ഭാഷയുമായി ബന്ധപ്പെട്ട CD, ICT സാധ്യതകൾ എന്നിവ സജ്ജീകരിക്കൽ | CD പ്രദർശനം :- ചിത്രങ്ങൾ അടങ്ങിയ CD പ്രദർശിപ്പിക്കുന്നു. ഓരോ ചിത്രത്തെയും കുറിച്ച് പറയാൻ അവസരം, എഴുതാനവസരം | എല്ലാ ദിവസവും. | " | |
| | പത്രവായന : വിവിധ പത്രങ്ങൾ ക്ലാസിൽ ലഭ്യമാക്കൽ. പത്രക്വിസ്, വാർത്ത തയ്യാറാക്കൽ, പുതിയ അറിവ് കണ്ടെത്തൽ വായന - എഴുത്ത് പത്രം തയ്യാറാക്കൽ (പാഠഭാഗവുമായി ബന്ധപ്പെട്ട്) | മാസത്തിൽ ഒരു ദിനം. (CPT·A) | " | |

Scanned with CamScanner

| | | | |
|---|---|---|---|
| | അമ്മവായന :- സ്കൂൾ ലൈബ്രറിയിൽ നിന്ന് അമ്മമാർക്ക് പുസ്തകം തിരഞ്ഞെടുക്കാനുള്ള അവസരം, വായനാക്കുറിപ്പ്, കുറിപ്പ് കണ്ടെത്തൽ, പ്രോത്സാഹനം, വായനാക്കുറിപ്പ് തയ്യാറാക്കൽ, മികച്ച അമ്മ സാഹിത്യ സമാജം. | | |
| | വായനാക്കുറിപ്പ് : ഓരോ പുസ്തക വായനയുടെ കുറിപ്പ് ശേഖരിക്കുന്നു. ആവശ്യമായ കൂട്ടിച്ചേർക്കൽ നടത്തുന്നു. | വർഷത്തിൽ | |
| | ക്ലാസ്, സ്കൂൾ ബാലസഭകൾ :- ഓരോ ക്ലാസിലും ബാലസഭ രൂപീകരണം. സ്കൂളിൽ യോഗം സംഘടിപ്പിക്കൽ. സൃഷ്ടികളുടെ പരിചയം, പ്രകാശനം. അവതരണം. വിദ്യാലയത്തിന് പുറത്ത് ബാലസഭകൾ രൂപീകരിക്കുന്നു. പൊതുജന പങ്കാളിത്തം. സാഹിത്യകാരന്മാരുടെ സാന്നിധ്യം. | എല്ലാമാസവും | ചുമതലയുള്ള അധ്യാപിക |
| | ദിനാചരണങ്ങൾ :- വായനയും എഴുത്തും പ്രോത്സാഹിപ്പിക്കുന്നതിന് ദിനാചരണങ്ങളുമായി ബന്ധപ്പെട്ട് നിരവധി പ്രവർത്തനങ്ങളും മത്സരങ്ങളും സംഘടിപ്പിക്കുന്നു. | ആവശ്യാനുസരണം. | " |
| | ഒരു ദിനം ഒരറിവ് :- എല്ലാദിവസവും ഒരു ചോദ്യം (GK) ബോർഡിലെഴുതുന്നു. മാസികകൾ, പത്രങ്ങൾ, മറ്റ് പുസ്തകങ്ങൾ എന്നിവയിൽ നിന്ന് അന്നേ ദിവസം തന്നെ കുട്ടികൾ ഉത്തരം കണ്ടെത്തി എഴുതുന്നു. | പ്രതിമാസ പരിപാടി | ബാലസഭ |
| | പാവനാടകം :- പാഠഭാഗവുമായി ബന്ധപ്പെട്ടത് | വർഷത്തിൽ ഒരിക്കൽ | സ്കൂൾ സപ്പോർട്ടിംഗ് ഗ്രൂപ്പ് |
| | | | |

Scanned with CamScanner

മേഖല : അക്കാദമിക്

ഉപമേഖല : ശാസ്ത്രം .

| ലക്ഷ്യം | പ്രവർത്തനങ്ങൾ | | കാലം | ചുമതല | സാമ്പത്തിക വിശകലനം. |
|---|---|---|---|---|---|
| ചുറ്റുപാടുകളെ നിരീക്ഷിച്ച് വർഗ്ഗീകരിക്കുന്നതിനുള്ള കഴിവ് നേടുക. | <u>ചുറ്റുപാടുകൾ നിരീക്ഷണം</u> (ഗ്രൂപ്പ് പ്രവർത്തനം) നമുക്ക് ചുറ്റും എന്തെല്ലാം കാണുന്നു. നിരീക്ഷിച്ച് എഴുതൽ മരങ്ങൾ, വൃക്ഷ.......... ജീവനുള്ളത്, ജീവനില്ലാത്തത്. | | | ക്ലാസ് ടീച്ചർ | |
| | <u>വർഗ്ഗീകരണം.</u> നിരീക്ഷിച്ച വസ്തുക്കളുടെ പ്രത്യേകതകൾ അനുസരിച്ച് അവയെ തരം തിരിക്കൽ. <u>ശേഖരണം</u> ശാസ്ത്രവുമായി ബന്ധപ്പെട്ട വസ്തുക്കൾ (ഇല, തൂവൽ, സ്റ്റാമ്പ്, ചിത്രങ്ങൾ) ശേഖരിച്ച് പതിപ്പ്/ശേഖരണ പുസ്തകം തയ്യാറാക്കൽ. <u>ശാസ്ത്ര ദിനാചരണങ്ങൾ</u> പരിസ്ഥിതി, ചാന്ദ്രദിനം..... അനുബന്ധിച്ച് വിവിധ പരിപാടികൾ സംഘടിപ്പിക്കൽ | ഭക്ഷ്യദിനം ... , | | ക്ലാസ് ടീച്ചർ | |

Scanned with CamScanner

| | | | |
|---|---|---|---|
| കുട്ടികളിൽ ശാസ്ത്രബോധം പോഷിപ്പിക്കുക. | **ലഘു പരീക്ഷണങ്ങൾ**<br>ലഭ്യമായ വസ്തുക്കൾ ഉപയോഗിച്ച് ലഘു പരീക്ഷണങ്ങളിൽ ഏർപ്പെടാൻ ഓരോ കുട്ടിക്കും അവസരം നൽകൽ<br>**ശാസ്ത്ര ക്ലബ്ബ്**<br>ഓരോ ക്ലാസിൽ നിന്നും തെരഞ്ഞെടുത്ത അംഗങ്ങളെ ഉൾപ്പെടുത്തി ശാസ്ത്ര ക്ലബ്ബ് രൂപീകരിച്ച് വിവിധ ശാസ്ത്ര പ്രവർത്തനങ്ങൾ സംഘടിപ്പിക്കൽ. | | |
| ശാസ്ത്ര പഠനം രസകരമാക്കുക. | **ശാസ്ത്ര പ്രദർശനം:**<br>ശാസ്ത്ര ക്ലബ്ബിന്റെ ആഭിമുഖ്യത്തിൽ സ്കൂളിൽ ശാസ്ത്ര പ്രദർശനം സംഘടിപ്പിക്കുന്നു. രക്ഷിതാക്കൾക്കും പങ്കെടുക്കാനുള്ള അവസരം നൽകുന്നു.<br>**ശാസ്ത്രമൂല**<br>ഓരോ ക്ലാസിലും ശാസ്ത്ര സാമഗ്രികൾ ഉൾപ്പെടുത്തി ശാസ്ത്രമൂല തയ്യാറാക്കുന്നു.<br>**പ്രകൃതി പഠനയാത്ര**<br>പാഠപുസ്തകത്തിലെ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് പ്രകൃതിയിലേക്ക് പഠനയാത്ര നടത്തുന്നു. | വർഷത്തിൽ | SRG |

Scanned with CamScanner

| | | | |
|---|---|---|---|
| | പതിപ്പ് നിർമ്മാണം.<br>കൃഷി സാധ്യത തിരിച്ചറിയൽ<br>ശാസ്ത്രജ്ഞന്മാരെ പരിചയപ്പെടുത്തൽ<br>ശാസ്ത്ര ക്വിസ്സ്, ശാസ്ത്ര കിറ്റ്. | | ശാസ്ത്ര ക്ലബ്ബ് |
| സാമൂഹ്യ പുരോഗതിയിൽ തന്റേതായ പങ്കുവഹിക്കാനുണ്ടെന്നും കുട്ടിയെ ബോധ്യപ്പെടുത്താനും അതിനു പ്രാപ്തനാക്കാനും സ്കൂൾ സ്ഥിതി ചെയ്യുന്ന പ്രദേശത്തെ പരി. പരിസ്ഥിതി പ്രശ്നങ്ങൾ പരിഹരിക്കുന്നതിൽ കുട്ടികളെ പങ്കെടുപ്പിക്കുക. | മരം നട്ടു പിടിപ്പിക്കൽ<br>പരിസ്ഥിതി സംരക്ഷണ ബോധവത്കരണം.<br>പരിസ്ഥിതി കവിതകളും ലേഖനങ്ങളും ശേഖരിക്കൽ<br>പരിസ്ഥിതി പുസ്തക വായന<br>പരിസര ശുചീകരണം.<br>നാട്ടിലെ ജലസ്രോതസ്സുകൾ<br>കുന്നുകൾ, വയലുകൾ<br>കാവുകൾ എന്നിവ സന്ദർശിക്കാൻ കുട്ടികൾക്ക് അവസര നൽകുന്നു. | | ഹരിത ക്ലബ്ബ് |
| കുട്ടികളിൽ ശാസ്ത്രാഭിരുചി വളർത്തുക. | ശാസ്ത്ര മാജിക്.<br>ശാസ്ത്രതത്വങ്ങൾ എളുപ്പം മനസ്സിലാക്കുവാൻ ഉപകരിക്കുന്ന രസകരമായ ലഘു പരീക്ഷണം കുട്ടികൾ തന്നെ അവതരിപ്പിക്കണം.<br>അവയുടെ പ്രവർത്തന ക്രമം ചിത്രം സഹിതം പ്രത്യേകം ബുക്കിൽ വച്ച് രേഖപ്പെടുത്തണം. | | ശാസ്ത്ര ക്ലബ്ബ് |

Scanned with CamScanner

| | | | | |
|---|---|---|---|---|
| ഇന്ത്യയെ പരിചയപ്പെടൽ. | ഇന്ത്യയുടെ ഭൂപടത്തിന്റെ ചിത്രം നോക്കി ദിവസവും ദിനപത്രങ്ങൾ പരിശോധിച്ച് ഓരോ സംസ്ഥാനവുമായി ബന്ധപ്പെട്ടു വരുന്ന വാർത്തകൾ അതത് സംസ്ഥാനങ്ങളിൽ ഒട്ടിക്കുന്നു. മാസാവസാനം വാർത്തകൾ മുഴുവൻ പൊളിച്ചു മാറ്റി വീണ്ടും പ്രവർത്തനം ആരംഭിക്കുക. ഇതുപോലെ കേരളത്തെ പരിചയപ്പെടൽ പ്രവർത്തനവും ചെയ്യുന്നു. | | | [illegible] |
| ചരിത്രബോധം വളർത്തിയെടുക്കൽ | <u>ചരിത്ര കലണ്ടർ</u><br>12 വലിയ ചാർട്ടു പേപ്പറുകളിൽ ജനുവരി മുതൽ ഡിസംബർ വരെയുള്ള 12 മാസങ്ങൾ മുഴുവൻ തിയ്യതികളുമെഴുതി കലണ്ടർ രൂപത്തിൽ തയ്യാറാക്കുക. ചരിത്രവുമായി ബന്ധപ്പെട്ട് ഓരോ ദിവസവും വരുന്ന വാർത്തകൾ നിശ്ചിത തിയതിയും താഴെ ഒട്ടിക്കുക. ഒരു വർഷം കഴിയുമ്പോഴേക്കും ഒരു ചരിത്ര കലണ്ടർ രൂപപ്പെടുത്തി എടുക്കുന്നു. | | | |
| കേരളീയരുടെ പ്രാചീന ...ാടൻ ഉപകരണങ്ങൾ ...രിചയപ്പെടൽ | മൺമറഞ്ഞ ആഹാരം<br>കേരളത്തിൽ നിലവിലുണ്ടായിരുന്ന പ്രാചീന പാത്രങ്ങൾ, പലഹാരങ്ങൾ, ആഹാരസാധനങ്ങൾ എന്നിവയുടെ പട്ടിക മുതിർന്നവരിൽ നിന്ന് ചോദിച്ചറിയുന്നു. ഓരോന്നും പാചകം ചെയ്യുന്നവിധം വസ്തുക്കൾ എന്നിവ ഉൾപ്പെടുത്തി പതിപ്പ് തയ്യാറാക്കൽ. | | 1, | |

Scanned with CamScanner

| | | | |
|---|---|---|---|
| ഫാസ്റ്റ് ഫുഡിന്റെ ഗുണദോഷങ്ങളെ കുറിച്ച് നിഗമനങ്ങൾ രൂപപ്പെടുത്തൽ | ഫാസ്റ്റ്ഫുഡ് - ഫാസ്റ്റ് ഫുഡുകൾ കടകളിൽ നിന്നും വാങ്ങുന്നതും വീട്ടിൽ ഉണ്ടാക്കുന്നതുമായ വിവിധ ഫാസ്റ്റ് ഫുഡുകൾ പട്ടികപ്പെടുത്തുന്നു. ഓരോന്നിലും ചേർക്കുന്ന രാസവസ്തുക്കൾ ഉൾപ്പെടുത്തി പതിപ്പ് തയ്യാറാക്കൽ | | ക്ലാസ് ക്ലബ്ബ് |
| കാർഷിക സംസ്കൃതിയെ വീണ്ടെടുക്കൽ | പച്ചക്കറിത്തോട്ടം<br>വിദ്യാലയത്തിലെ സൗകര്യപ്രദമായ സ്ഥലത്ത് ആകർഷകമായ വിധത്തിൽ പച്ചക്കറിത്തോട്ടം ഉണ്ടാക്കൽ | | ഹരിത ക്ലബ്ബ് |
| ശാസ്ത്രം പ്രവർത്തനമാണ് എന്ന് മനസ്സിലാക്കുക. | ശാസ്ത്രമേള<br>സ്കൂൾ തല ശാസ്ത്രമേളയിൽ എല്ലാ കുട്ടികളുടെയും പങ്കാളിത്തം ഉറപ്പാക്കൽ<br>ഉപജില്ലാ തലത്തിൽ പരമാവധി പങ്കാളിത്തം | | ശാസ്ത്ര ക്ലബ്ബ് |
| ഔഷധമായി ഉപയോഗിക്കുന്ന സസ്യങ്ങളെ നിരീക്ഷിക്കുകയും സംരക്ഷിക്കുകയും ചെയ്യുക. | ഔഷധ സസ്യത്തോട്ടം നിർമ്മിക്കൽ. ഓരോ ഔഷധ സസ്യത്തെയും കുറിച്ചുള്ള വിവരങ്ങൾ ശേഖരിക്കൽ | ദീർഘകാലം | ഹരിത ക്ലബ്ബ്. |

Scanned with CamScanner

മേഖല : അക്കാദമിക്

ഉപമേഖല: അറബി

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശദാം |
|---|---|---|---|---|
| വായനയിലൂടെയും എഴുത്തിലൂടെയും ഭാഷാ ശേഷി വർദ്ധിപ്പിക്കുന്നതിനുള്ള സാഹചര്യം ക്ലാസ് റൂമുകളിൽ ഒരുക്കും. | വായനാ കാർഡ്, പോസ്റ്ററുകൾ, അക്ഷരവായന, ക്ലാസ് വായന, ചിത്ര വായന, ലൈബ്രറി വായന, സംഭാഷണം അഭിനയിപ്പിക്കൽ | | അറബിക് ടീച്ചർ | |
| സർഗ്ഗകഴിവുകൾ ഭാഷാ പഠനത്തിലൂടെ വികസിപ്പിക്കും. | അറബിക് മേള, സംഭാഷണം, അറബിക് അസംബ്ലി | | ,, | |
| കുട്ടികളുടെ കയ്യെഴുത്ത് മെച്ചപ്പെടുത്തും. | ഓരോ കുട്ടികൾക്കും പ്രത്യേക വർക്ക്ഷീറ്റുകൾ നൽകും. വർഷത്തിൽ ഒരിക്കൽ കയ്യെഴുത്ത് മാസിക തയ്യാറാക്കുക. | | ,, | |
| അറബിക് ഭാഷയിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളെ പരിപോഷിപ്പിക്കുവാനുള്ള പ്രത്യേക പരിപാടികൾ ആസൂത്രണം ചെയ്യും. | ടെസ്റ്റ് നടത്തി പിന്നോക്കം നിൽക്കുന്ന വിദ്യാർത്ഥികളെ കണ്ടെത്തുന്നു. അക്ഷരങ്ങൾ തിരിച്ചറിയാൻ പ്രയാസം അനുഭവിക്കുന്ന കുട്ടികൾക്ക് അക്ഷര കാർഡുകൾ നൽകി കുട്ടികൾ നിറം നൽകുക. അധ്യാപകന്റെ മേൽനോട്ടത്തിൽ കുട്ടികൾ ഗെയിമിലൂടെ ആവർത്തിച്ച് അക്ഷരങ്ങൾ പഠിക്കുന്നു. | | ,, | |
| കുട്ടിയെ വായനയുടെ ലോകത്തേക്ക് കൊണ്ട് വന്ന് നല്ല വായനക്കാരാക്കും. | തെരഞ്ഞെടുത്ത ലളിതമായ അറബിക് പുസ്തക ശേഖരം, ചിത്രകഥ, ലളിതമായ വായനാ കാർഡുകൾ, അറബിക് ക്വിസ്, അറബിക് അസംബ്ലി, ക്ലാസ് വായന | | ,, | |

| | | | | |
|---|---|---|---|---|
| ഓരോരുവൻ വിദ്യാർത്ഥി കളിലേയും വ്യത്യസ്ത കഴിവുകളെ പരി പോഷിപ്പിക്കുന്നതി നു മത്സരം സംഘടി പ്പിക്കും. | ക്വിസ്, പദനിർമ്മാണം, മെമ്മറി ഒരു ദിനം ഒരറിവ് (വാട്ട്സ് പ്രവർത്തി ദിവസങ്ങളിൽ ന്നു) ദിനാചരണങ്ങളിൽ തുടങ്ങിയവ നടത്തും. ക്ലാസുകൾ അധികരിപ്പിക്കും: പദപ്രശ്ന | , ഖുർആൻ പാരായണം. ആപ്പ് ഗ്രൂപ്പിലൂടെ സ്കൂൾ ചോദ്യവും ഉത്തരവും നൽകു പോസ്റ്ററുകൾ, ലേണിംഗ് ലിസണിങ് സംഭാഷണം | | അനിത. ടീച്ചർ |
| | | | | |

മേഖല - അക്കാദമിക്

ഉപമേഖല : ഇംഗ്ലീഷ്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഇംഗ്ലീഷ് വായിക്കുന്നതിനും എഴുതുന്നതിനും സംസാരിക്കുന്നതിനുമുള്ള കഴിവ് നേടും | Rhyme, Action Song | ആവശ്യാനുസരണം | അധ്യാപകർ | |
| | Self introduction | | കുട്ടികൾ | |
| | പസ്സിൽ | | | |
| | സ്കൂളിലും ക്ലാസിലും വീട്ടിലുമുള്ള വസ്തുക്കളുടെ പേരുകൾ ഇംഗ്ലീഷിൽ കണ്ടെത്തുന്നു. | | ക്ലാസ് ടീച്ചർ | |
| | Story reading (ഓരോ ഗ്രൂപ്പിലും ഓരോ story നൽകുന്നു word card നൽകുന്നു. story വായിച്ച് words [illegible] കണ്ടെത്തുന്നു). | | ക്ലാസ് ടീച്ചർ | |
| | English assembly in one week (പ്രാർത്ഥന, പ്രതിജ്ഞ, പത്രവാർത്ത, പ്രസംഗം) | | ,, | |
| | പുതിയ വാക്കുകൾ പരിചയപ്പെടൽ | | ,, | |
| | Skit :- പാഠഭാഗവുമായി ബന്ധപ്പെട്ടത് | | ,, | |
| | poster :- ദിനാചരണങ്ങളുമായി ബന്ധപ്പെട്ടത് | | ,, | |
| | English quiz :- ദിനാചരണങ്ങളുമായി ബന്ധപ്പെട്ടത് | | ,, | |
| | English Fest | | SRG | |

Scanned with CamScanner

| | | | | |
|---|---|---|---|---|
| | ചെറിയ ഇംഗ്ലീഷ് മാഗസിനുകൾ കഥാ പുസ്തകങ്ങൾ കവിതാ പുസ്തകങ്ങൾ എന്നിവ ഓരോ നിലവാരത്തിലുള്ളവതാം തിരിച്ച് വിതരണം ചെയ്യുന്നു. | | ക്ലാസ് ടീച്ചർ | |
| | വായനാ കാർഡുകൾ നിർമ്മിച്ച് ആഴ്ചയിൽ ഒരു ദിവസം 15 മിനുട്ട് ക്ലാസിൽ വായിക്കുന്നു. | | രക്ഷിതാക്കൾ | |
| | Make English Dictionary in class room | | ക്ലാസ്ടീച്ചർ | |
| | ഇംഗ്ലീഷിൽ മാഗസിൻ തയ്യാറാക്കുക | | " | |
| | ചിത്ര ചാർട്ടിലൂടെ കഥകൾ തയ്യാറാക്കുക | | " | |
| | picture card | | " | |
| - | puppet show (പാഠഭാഗവുമായി ബന്ധപ്പെട്ട കഥകളും) | | " | |
| | word game :- കുട്ടികളെ ഗ്രൂപ്പാക്കുന്നു. ഓരോ ഗ്രൂപ്പിനും അക്ഷരകാർഡുകളും ചിത്ര കാർഡുകളും നൽകുന്നു. ചിത്രത്തിന് യോജിച്ച വാക്ക് അക്ഷര കാർഡുകളിൽ നിന്നു കണ്ടെത്തുന്നു. | | " | |
| | English magazine :- ക്ലാസ് തല പ്രവർത്തനങ്ങൾ എല്ലാം ഉൾപ്പെടുത്തിക്കൊണ്ട് ഓരോ ക്ലാസിനും ഇംഗ്ലീഷ് മാഗസിൻ തയ്യാറാക്കുന്നു. | | " | |
| ഇംഗ്ലീഷ് പഠനാന്തരീക്ഷം സൃഷ്ടിക്കൽ | ക്ലാസ് മുറികളിൽ ഇംഗ്ലീഷ് പ്രസിദ്ധീകരണങ്ങൾ, പുസ്തകങ്ങൾ, എന്നിവയുടെ ശേഖരം ഒരുക്കൽ കുട്ടികൾക്ക് കാണാവുന്ന വിധത്തിൽ ഒരു പൊതു സ്ഥലത്ത് ഭിത്തിയിൽ ഇംഗ്ലീഷ്- | | " | |

Scanned with CamScanner

| | | | | |
|---|---|---|---|---|
| | വാർത്തകൾ പ്രദർശിപ്പിക്കുന്നതിനുള്ള ബോർഡ് സ്ഥാപിക്കൽ ചെടികൾ, മരങ്ങൾ എന്നിവയ്ക്ക് ഇംഗ്ലീഷ് ലേബൽ തൂക്കിയിടുക, കുട്ടികൾക്ക് അഡ്രസ് ടാഗ് | ആവശ്യാനുസരണം. | ക്ലാസ്മുറി | |
| തെറ്റില്ലാതെ അനായാസം ഇംഗ്ലീഷ് എഴുതാനുള്ള ശേഷി നേടൽ | ഓരോ ദിവസവും വിദ്യാലയത്തിലും വീട്ടിലും നടക്കുന്ന സംഭവങ്ങളുടെ ചുരുക്കം ഇംഗ്ലീഷിൽ ഡയറിൽ എഴുതൽ, കഥാരചന, കവിതാരചന. | | " | |
| ഇംഗ്ലീഷ് ഭാഷയെ സർഗാത്മക പ്രവർത്തനങ്ങൾക്ക് ഉപയോഗിക്കൽ | പാഠപുസ്തകത്തിലെ ഇംഗ്ലീഷ് പാഠഭാഗങ്ങളെ പുസ്തകത്തിൽ പ്രതിപാദിച്ചിരിക്കുന്നതിൽ നിന്നും വ്യത്യസ്തമായ വ്യവഹാര രൂപങ്ങളിലേക്ക് മാറ്റിയെഴുതി സദസ്സിനു മുമ്പാകെ അവതരിക്കൽ (ഉദാ: skit, consation, drama) | | " | |
| | വ്യാകരണത്തിനു പ്രാധാന്യം നൽകിയിട്ടുള്ള ഇംഗ്ലീഷ് ക്ലാസ്സുകൾ നൽകുന്നു. videos കാണിക്കുന്നു. | | " | |
| | ബോധ, Hello English എന്നിവയിലെ പ്രവർത്തനങ്ങൾ നൽകൽ | | " | |

Scanned with CamScanner

മേഖല - അക്കാദമിക്

ഉപമേഖല - ഗണിതം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|---|
| ഗണിത പരമായി ബന്ധപ്പെട്ട പിന്നോക്കാവസ്ഥ പരിഹരിക്കൽ | പ്രീ-ടെസ്റ്റ്<br>മൂല്യനിർണ്ണയം<br>സംഖ്യാബോധം ഉറപ്പിക്കുന്ന .<br>മുൻക്ലാസുകളിൽ നേടേണ്ട<br>കൊണ്ട് പരിഹരിക്കാൻ ഉത<br>ത്തനങ്ങൾ വ്യക്തിഗതമായും<br>വർക്ക് ഷീറ്റുകൾ നൽകുന്നു<br>ഗണിത ക്വിസ് | പ്രവർത്തനങ്ങൾ കുട്ടികൾ<br>ശേഷികൾ കണ്ടെത്തികൊണ്ടു<br>കുന്ന തരത്തിലുള്ള പ്രവർ<br>ഗ്രൂപ്പായും നൽകുന്നു. | | അധ്യാപകർ<br>അധ്യാപകൻ | |
| ഗണിതാസ്വാദനം | ക്വിസ്സ് മത്സരങ്ങൾ, പസ്സിലുകൾ,<br>കണ്ടെത്തി ആസൂത്രണം ചെ<br>ന്നു. ഗണിതകളികൾ, ഗണിത<br>മൂല | കുസൃതികണക്കുകൾ തുടങ്ങിയവ<br>യ്യുന്നു. ICT സാധ്യത ഉറപ്പാക്കു<br>പാട്ട്, ഗണിത മാഗസിൻ, ഗണിത | | ഗണിത ക്ലബ്ബ് | |
| യുക്തിപരമായി ഗണിതാശയങ്ങൾ കണ്ടെത്തുന്നതിന് | പാറ്റേൺ (സംഖ്യകൾ, രൂപങ്ങൾ) | മാന്ത്രിക ചതുരം. | | ഗണിത ക്ലബ്ബ് | |
| വിവിധ അളവുകൾ പരിചയപ്പെടുന്നതിനും ഉറപ്പിക്കുന്നതിനും | അളവു പാത്രനിർമാണം<br>അളവുപകരണങ്ങൾ നിർമി-<br>നാട്ടറിവുകൾ ശേഖരിക്കൽ<br>മെട്രിക് മേള. | ക്കൽ | | ഗണിത ക്ലബ്ബ് | |

| | | | |
|---|---|---|---|
| ത്രിമാന രൂപങ്ങൾ ഉണ്ടാക്കുന്നു. | ചതുരക്കട്ടയുടെ രൂപത്തിലുള്ള വസ്തുക്കൾ തരം തിരിക്കുന്നു. കടലാസ് കാർഡ് ഇവ മടക്കി കളിപ്പാട്ടങ്ങൾ ഉണ്ടാക്കുന്നു. | '' | |
| | അബാക്കസ് നിർമ്മിക്കുന്നു.<br>സ്ഥാനവില പോക്കറ്റ്<br>സംഖ്യാ കാർഡുകൾ നൽകി വ്യാഖ്യാനിക്കുന്നു.<br>ഓരോ കുട്ടിക്കും ഗണിതകിറ്റ് | ആവശ്യാനുസരണം | '' |
| ചതുഷ്ക്രിയകൾ തിരിച്ചറിയുന്നതിനുള്ള ശേഷി വികസിപ്പിക്കുന്നു. | നിത്യജീവിതവുമായി ബന്ധപ്പെട്ട പ്രായോഗിക പ്രശ്നങ്ങളും worksheet -നൽകുന്നു.<br>കുട്ടികളും worksheet നിർമ്മിക്കുന്നു.<br>ഗണിത വസ്തുക്കൾ ഉപയോഗിച്ച് ചതുഷ്ക്രിയകൾ ചെയ്യുന്നു.<br>ചതുഷ്ക്രിയകൾ ചെയ്യുന്നതിനുള്ള വ്യത്യസ്ത വഴികൾ പരിചയപ്പെടുന്നു. | | ക്ലസ്റ്റർ |
| | ICT സാധ്യത ഉപയോഗിച്ച് ചതുഷ്ക്രിയകൾ ചെയ്യുന്നു.<br>ഗണിത കളികളിലൂടെ ചതുഷ്ക്രിയകൾ ഉറപ്പിക്കുന്നു.<br>സംഖ്യാകാർഡുകൾ ഉപയോഗിച്ച് ക്രിയകൾ ചെയ്യുന്നു.<br>പദസൂര്യൻ<br>ചോദ്യം ചോദിക്കാം :- ഓരോ ഗ്രൂപ്പ് ചോദ്യങ്ങൾ ചോദിക്കുന്നു.<br>മറ്റൊരു ഗ്രൂപ്പ് ഉത്തരം കണ്ടെത്തുന്നു. | | '' |
| സമയവുമായി ബന്ധപ്പെട്ട ശേഷികൾ 3,4 ക്ലാസുകളിലെ കുട്ടികൾ നേടിയിരിക്കും. | അധ്യാപികയും കുട്ടികളും ചേർന്ന് ക്ലാസിൽ ഒരു ക്ലോക്ക് നിർമ്മിക്കുകയും പരിചയപ്പെടുത്തുകയും ചെയ്യുന്നു.<br>ക്ലോക്ക് നിർമ്മാണം :- സ്വന്തമായി ഓരോ കുട്ടിയും ക്ലോക്ക് നിർമ്മിച്ച് സമയം രേഖപ്പെടുത്തുന്നു. | | '' |

Scanned with CamScanner

മേഖല - അക്കാദമിക്

ഉപമേഖല - പ്രവൃത്തി പരിചയം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശദീകരണം |
|---|---|---|---|---|
| നിർമാണ പ്രവർത്തനങ്ങളിലുള്ള കഴിവ് വർദ്ധിപ്പിക്കും | നമ്മുടെ ചുറ്റുപാടുമുള്ള പാഴ്‌വസ്തുക്കൾ ഉപയോഗിച്ച് കൗതുക വസ്തുക്കൾ ഉണ്ടാക്കുന്നതിന് (ഓല കൊണ്ടും ഇല കൊണ്ടും ഉള്ള കളിപ്പാട്ടങ്ങൾ, കൗതുക വസ്തുക്കൾ, കടലാസ് പൂക്കൾ) | | അധ്യാപകർ രക്ഷിതാക്കൾ | |
| സൂക്ഷ്മതയോടെ വസ്തുക്കളും ഉപകരണങ്ങളും കൈകാര്യം ചെയ്യുന്നതിനുള്ള പരിശീലനം നൽകും. | വിവിധ വലിപ്പത്തിലുള്ള നിർദേശത്തിനനുസരിച്ച് മുറിക്കുന്നു, വെട്ടുന്നു, കീറുന്നു ... ഇതിനുപയോഗിക്കുന്ന പേപ്പർ, കത്തി, കത്രിക, സൂചി ഇവ സൂക്ഷ്മതയോടെ ഉപയോഗിക്കുന്നതിന് വേണ്ട നിർദേശങ്ങൾ കൊടുക്കുന്നു. | | ക്ലാസ് ടീച്ചർ | |
| | പേപ്പർ ഉപയോഗിച്ചുള്ള വിവിധ രൂപങ്ങൾ വസ്തുക്കൾ ഉണ്ടാക്കുന്നു. | | ,, | |
| | പേപ്പർ, കടലാസ് പ്ലേറ്റ്, പാള ഉപയോഗിച്ച് മുഖംമൂടികൾ ഉണ്ടാക്കുന്നു. | | ,, | |
| | പാവനാടകത്തിനുള്ള വിരൽ പാവകൾ നിർമ്മിക്കുന്നു. പരിചയ സമ്പന്നരായ വ്യക്തികളെ ഉൾപ്പെടുത്തി ഏകദിന പരിശീലനം | | ,, | |
| | | | | |

മേഖല - അക്കാദമിക്

ഉപമേഖല - ആരോഗ്യം – ശുചിത്വം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| | ആഴ്ചയിൽ ഓരോ ദിവസവും വ്യത്യസ്ത മെനു വച്ച് പോഷകസമൃദ്ധമായ ഉച്ച ഭക്ഷണം നൽകൽ; എല്ലാ ദിവസവും തിളപ്പിച്ചാറിയ വെള്ളം. | | ശുചിത്വ ക്ലബ്ബ് | |
| പൂർണ്ണ ആരോഗ്യമുള്ള തലമുറയെ വാർത്തെടുക്കും. | * ആരോഗ്യവുമായി ബന്ധപ്പെട്ട ബോധവൽക്കരണ ക്ലാസ് സംഘടിപ്പിക്കുക.<br>* ദിവസവും ആഹാരത്തിൽ ഉൾപ്പെടുത്തേണ്ട വിഭവങ്ങളുടെ ചാർട്ട് പ്രദർശിപ്പിക്കുക.<br>* ആരോഗ്യ ചാർട്ട് പ്രദർശനം<br>* ഓരോ ഭക്ഷണത്തിലെയും പോഷക ഘടകങ്ങൾ സൂചിപ്പിക്കുന്ന ചാർട്ട്<br>* മായം കലർന്ന ആഹാരം, ഫാസ്റ്റ് ഫുഡ് എന്നിവയുടെ ദോഷങ്ങളെക്കുറിച്ചുള്ള വീഡിയോ<br>* clipings ബോധവൽക്കരണം<br>പച്ചക്കറിത്തോട്ടം -> ജൈവ പച്ചക്കറി | | " | |
| ശുചിത്വം ഉള്ള അന്തരീക്ഷം ഒരുക്കും. | ജൈവമാലിന്യങ്ങളും അജൈവ മാലിന്യങ്ങളും സംസ്കരിക്കുന്നതിനുള്ള ശേഖരണം സൗകര്യപ്രദമായ സ്ഥലത്ത് ഒരുക്കൽ പ്ലാസ്റ്റിക് വിമുക്ത ക്യാമ്പസ് | | " | |
| | ശുചിത്വ ചാർട്ട്, ക്ലാസ് ശുചിത്വം<br>ശുചിത്വവുമായി ബന്ധപ്പെട്ട ബോധവൽക്കരണ ക്ലാസ് | | " | |

Scanned with CamScanner

| | | | | | | | |
|---|---|---|---|---|---|---|---|
| | | | സർവ്വേ<br>പോസ്റ്റർ<br>കൊളാഷ് നിർമ്മാണം | | | h | |
| | | | ചിത്ര രചന<br>ചുവർ പത്രിക | | | ,, | |
| | | | First Aid Box | | | ,, | |
| | | | | | | | |

മേഖല - അക്കാദമിക്

ഉപമേഖല - സാമൂഹിക പങ്കാളിത്തം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| നവാഗതരാകേണ്ടവർക്ക് വിദ്യാലയത്തെ അറിയാൻ അവസരം | വിവിധ ബാച്ചുകളിലായി പൂർവ്വ വിദ്യാർത്ഥി സംഗമം വിളിച്ചുചേർക്കൽ. അവരുടെ മുമ്പിൽ വിദ്യാലയത്തിന്റെ ആവശ്യങ്ങൾ അവതരിപ്പിക്കൽ / ഫണ്ട് സമാഹരിക്കൽ | | PTA | |
| | വിദ്യാലയത്തിന്റെ പരിസരത്തുള്ള അങ്കണവാടിയിലെ കുട്ടികളെ പങ്കെടുപ്പിച്ച് കൊണ്ട് കലോത്സവം സംഘടിപ്പിക്കൽ, വിരുന്ന് നൽകൽ | | PTA MTA | |
| | വർഷാവസാനം സ്കൂളിലെ മികവുകൾ സമൂഹത്തിന് മുന്നിൽ പ്രദർശിപ്പിക്കുന്നു. | | അധ്യാപകർ രക്ഷിതാക്കൾ | |
| | വിദ്യാലയ ലൈബ്രറിയിലെ പുസ്തകങ്ങൾ, രക്ഷിതാക്കൾ നാട്ടിലെ വായനാതത്പരർ എന്നിവർക്ക് നിശ്ചിത വ്യവസ്ഥകൾക്ക് വിധേയമായി വായിക്കുവാൻ നൽകൽ, കുറിപ്പു തയ്യാറാക്കുകയും നല്ല വായനക്കാരനെ ആദരിക്കുകയും ചെയ്യുന്നു. | | " | |
| | മാസത്തിലൊരിക്കൽ C.P.T.A നടത്തുകയും കുട്ടികളുടെ പഠനപുരോഗതി വിലയിരുത്തുകയും ചെയ്യുന്നു. സാമൂഹ്യ പങ്കാളിത്തത്തോടെ സഹവാസക്യാമ്പ് നടത്തുന്നു. | | " | |
| | അമ്മ ക്വിസ് | | | |
| | വാട്സ്ആപ്പ് ഉണ്ടാക്കി അതിലൂടെ ചോദ്യങ്ങൾ ഓരോ ദിവസം നൽകുകയും മാസത്തിലൊരിക്കൽ അമ്മമാർക്ക് ക്വിസ് നൽകുകയും ചെയ്യുന്നു. | | " | |

Scanned with CamScanner

മേഖല - അക്കാദമിക്

ഉപമേഖല - കലാപഠനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| കുട്ടികളിലെ കലാപരമായ കഴിവ് വികസിപ്പിക്കുക കലാവാസനകളെ പരിപോഷിപ്പിക്കുകയും ചെയ്യും. | സാഹിത്യസമാജം, (സ്കൂൾ തലം, ക്ലാസ് തലം)<br>സ്വന്തമായി എഴുതിയ കഥകൾ, കവിതകൾ എന്നിവ അവതരിപ്പിക്കൽ<br>പാഠഭാഗത്തെ നാടകരൂപത്തിൽ അവതരിപ്പിക്കുന്നു.<br>പാവനാടകം<br>നാടൻ പാട്ടുകൾ ശേഖരണം<br>കവിതകൾ, നാടൻ പാട്ടുകൾ എന്നിവയുടെ audio ശേഖരണം<br>വിവിധ വ്യവഹാര രൂപങ്ങളിലേക്ക് മാറ്റുന്നു (നാടകം, കവിത, നൃത്തം സംഭാഷണം)<br>ചിത്രരചന പരിചയസമ്പന്നരുടെ സഹായം തേടുന്നു. | | അധ്യാപകർ | |
| കുട്ടിക്ക് പഠന പിന്തുണ നൽകാൻ രക്ഷിതാവിനെ പ്രാപ്തമാക്കുക | എല്ലാ മാസവും C.P.T.A യോഗങ്ങൾ ഇതിനായി പ്രത്യേക സാധ്യതകൾ<br>രക്ഷിതാവ് വീട്ടിൽ വെച്ച് കുട്ടിയെ വിലയിരുത്തിയ രേഖകളുമായി C.P.T.A യിൽ ടീച്ചർ, രക്ഷിതാവ് എന്നിവരുടെ വിലയിരുത്തൽ ഫലങ്ങൾ വിശകലനം ചെയ്ത് തുടർപ്രവർത്തനങ്ങൾ<br>എല്ലാ ദിവസവും രാത്രി 7 മുതൽ 9 വരെ കുട്ടികൾക്ക് പഠനത്തിനായി നീക്കി വയ്ക്കും.<br>രക്ഷിതാക്കളുടെ വാട്സ്ആപ്പ് ഗ്രൂപ്പുകൾ ഇതിലൂടെ പഠന പ്രവർത്തനങ്ങൾ രക്ഷിതാക്കൾക്ക്. | | രക്ഷിതാക്കൾ അധ്യാപകർ | |
| | | | | |

മേഖല - അക്കാദമിക്

ഉപമേഖല - കായികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | | കാലം | ചുമതല | സാമ്പത്തിക വിശകലനം |
| --- | --- | --- | --- | --- | --- |
| കുട്ടികളിൽ കായിക ക്ഷമത വർദ്ധിപ്പിക്കുന്നതിന് | മാസ് ഡ്രിൽ, എയ്റോബിക്സ് റോപ്പ്, എല്ലാ ദിവസവും അവസരം നൽകൽ . | ഷട്ടിൽ ബാറ്റ്, സ്കിപ്പിംഗ് ഓടാനും ചാടാനും | | ക്ലാസ് ടീച്ചർ | |
| കായിക പരിശീലനം കായികകാര്യക്ഷമമാക്കുക. | രാവിലെ വൈകുന്നേരവും | കായിക പരിശീലനം. | | ക്ലാസ് ടീച്ചർ | |
| | | | | | |

മേഖല - അക്കാദമിക്

ഉപ മേഖല - ഞാനും എന്റെ കുട്ടിയും

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശദാംശം |
|---|---|---|---|---|
| നിരന്തര വിലയിരുത്തലിലൂടെ കുട്ടിയെ പൂർണ്ണമായും പഠന നേട്ടങ്ങളിലെത്തിക്കും | എല്ലാ യൂണിറ്റുകളുമായി ബന്ധപ്പെട്ട് നിരന്തര വിലയിരുത്തൽ ടൂളുകൾ തയ്യാറാക്കും<br>യൂണിറ്റ് ടെസ്റ്റുകൾ സമയബന്ധിതമായി നടത്തും<br>രക്ഷിതാക്കൾ വീട്ടിൽ വെച്ച് ഓരോ യൂണിറ്റുമായി ബന്ധപ്പെട്ട് വിലയിരുത്തൽ നടത്തും. ഇതിനാവശ്യമായ നിർദ്ദേശങ്ങൾ സി. പി.ടി യോഗത്തിൽ വെച്ച് അവതരിപ്പിക്കും<br>യൂണിറ്റ് ടെസ്റ്റ് പേപ്പറുകൾ വിശകലനം ചെയ്തു സി.പി.ടി യോഗത്തിൽ അവതരിപ്പിക്കും<br>പരിഹാരബോധന പ്രവർത്തനങ്ങൾ നടപ്പിലാക്കും. | | ക്ലാസ് ടീച്ചർ | |
| | | | | |

Scanned with CamScanner